
# ബൈബിൾ ട്രൂത്ത്



# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth Two hundred rupees for rupees Twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to.

Editor,
**THE BIBLE TEACHER**
C-22 N. D. S. E. 2
New Delhi-110049

# ബൈബിൾ ട്രൂത്ത്

**Editors**

**P. K. VARGHESE** **J. C. CHOATE**

*** *** ***

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol 6** **April 1992** **No. 1**


## എഡിറേറാറിയൽ

അല്പജ്ഞാനം പലർക്കും ദോഷഫലമാണ് ഉളവാക്കുന്നതു. ഏതൊരു കാര്യമായാലും അതു വ്യക്തമായും പൂർണ്ണമായും അറിഞ്ഞിരിക്കണം. അല്ലെങ്കിൽ അപകടകരമായ അവസ്ഥയിൽ നാം ചെന്നെത്തും. ദൈവ വിശ്വാസവും വചനാനുസരണവും അതുപോലെ തന്നെയാണ്. അല്പ വിശ്വാസം കൊണ്ട് ഒന്നും നേടാൻ സാദ്ധ്യമല്ല എന്നു മാത്രമല്ല, ഉള്ളതു ഇല്ലാതാകുകയും ചെയ്യും. യേശുവിന്റെ ശിഷ്യന്മാരുടെ ജീവിതത്തിലും പ്രഥമ ഘട്ടത്തിൽ അവർ അല്പ വിശ്വാസികളായി കാണപ്പെട്ടിരുന്നു. പരിജ്ഞാനക്കുറവായിരുന്നു കാരണം. യേശുക്രിസ്തു അവരുടെ അവിശ്വാസത്തെ ശാസിക്കുകയുണ്ടായി. നാം ഓരോരുത്തരും പരിജ്ഞാനപൂർത്തി പ്രാപിക്കയും പൂർണ്ണ വിശ്വാസമുള്ളവരും ദൈവത്തെ യഥാർത്ഥമായി പിൻപററുന്നവരും ആയിരിക്കണം. ലൗകികമായ അറിവ് നമ്മെ ചീർപ്പിക്കുന്നുവെങ്കിൽ ആത്മീയമായ അറിവ് നമ്മെ ഉയർത്തുകയാണ് ചെയ്യുന്നതു. അല്പനു ഐശ്വര്യം ലഭിച്ചാൽ അർത്ഥരാത്രിക്കും കുട പിടിക്കും എന്ന പഴമൊഴി അന്വർത്ഥമെന്ന് ഓർക്കുക.



# കർത്താവിനെ എങ്ങനെ ഓർമ്മിക്കണം ?

**J. C. ചോട്ട്**

ആഘോഷങ്ങളാലും ആർഭാടങ്ങളാലും നിറയപ്പെട്ട കാലയളവാണ് ഇപ്പോഴുള്ളതു എന്നു പറഞ്ഞാൽ അതു അധികപ്പററാവുകയില്ല. പല രീതിയിലും സ്വഭാവത്തിലും ക്രിസ്തുവിൻെറ ജനനത്തെ ഈ വർഷവും ആഘോഷിച്ചു കഴിഞ്ഞിരിക്കയാണല്ലൊ. ചില പള്ളികളിൽ നാമമാത്രമായ ആരാധനകൾ നടത്തും. എന്നാൽ സന്ദർശനത്തിനും സമ്മാന ദാനങ്ങൾക്കും വിഭവങ്ങൾ നിറഞ്ഞ ഭക്ഷണ പദാർത്ഥങ്ങൾക്കും ആണ് ഊന്നൽ കൊടുക്കുന്നതു. തോരണങ്ങൾ, അലങ്കാരങ്ങൾ, ദീപങ്ങൾ, ക്രിസ്മസ് ട്രീ തുടങ്ങിയവ ഉണ്ടാക്കി വെക്കുന്നതും ഈ ആഘോഷത്തിൽ ഉൾപ്പെടുന്നുണ്ട്. ഇതെല്ലാം കാണുമ്പോഴും കേൾക്കുമ്പോഴും എത്രമാത്രം അതിനു പ്രസക്തിയുണ്ട് എന്നു ചിന്തിക്കാറുണ്ടോ ? മററു മത വിഭാഗക്കാർക്കു അവരുടേതായ ഉത്സവങ്ങൾ ഉണ്ട്. അപ്പോൾ നമുക്കു നമ്മുടേതായ ഉത്സവം ഇല്ലെങ്കിൽ മോശമല്ലേ ? ദേശിയമായി അന്നേ ദിവസം അവധികൂടെ ആയതു കൊണ്ട് ഔദ്യോഗികമായി അതു അംഗീകരിക്കപ്പെട്ടിരിക്കയാണ് എന്നു പറയാം. പ്രാദേശിക സമൂഹത്തിൽ നാം അറിയപ്പെടണം എന്നുകൂടെ ഇതിൽ ഉണ്ടോ എന്നു സംശയം ജനിപ്പിക്കുന്നു.

ഇതെല്ലാം ബൈബിളിൽ എവിടെയെങ്കിലും ഉണ്ടോ എന്നു ചോദിച്ചാൽ അതിനുള്ള മറുപടി പെട്ടെന്നായിരിക്കും. "പക്ഷേ യേശു ജനിച്ചില്ലേ" ? ലോകം മുഴുവൻ അംഗീകരിച്ചിരിക്കുന്ന ആ വസ്തുത വാസ്തവം തന്നെയാണ്. എന്നാൽ ഇതിൽ എന്താണിത്ര അരസികത്വം എന്നു നിങ്ങൾ വിസ്മയിച്ചേക്കാം. യേശുവിൻെറ ജന്മ ദിവസം ബൈബിളിൽ ഒരു

സ്ഥലത്തും രേഖപ്പെടുത്തിയിട്ടില്ല എന്നതു പറയുമ്പോൾ അതിന്റെ ഉദ്ദേശം നാം മറക്കരുതു. തിരുവചനത്തിൽ അപ്പോസ്തലന്മാരോ ആദിമ സഭയോ യേശുവിന്റെ ജനനത്തെ ആഘോഷിച്ചിരുന്നില്ല. പിന്നെ എവിടെ നിന്നാണ് ഈ പരിശീലലനം വന്നത് ? മനുഷ്യരാൽ ആരംഭിക്കപ്പെട്ടതും, കർത്താവിനെ ആദരിക്കുവാനാണെങ്കിലും അവന്റെ അംഗീകാരമില്ലാതെ നടത്തപ്പെടുന്നതും ആണ്.

കർത്താവിനെ അത്തരത്തിൽ അറിയപ്പെടണം എന്നു അവൻ ഇച്ഛിച്ചിരുന്നെങ്കിൽ തീർച്ചയായും കർത്താവിന്റെ ജന്മദിവസം കൃത്യമായി വെളിപ്പെടുത്തുമായിരുന്നു എന്നു നിങ്ങൾക്കു ചിന്തിക്കാൻ കഴിയുന്നില്ലേ ? അതു വെളിപ്പെടുത്താതിരുന്നതിനാൽ ആ ദിവസത്തിന്റെ പേരിൽ അവനെ ആദരിക്കുവാൻ ആഗ്രഹിച്ചിരുന്നില്ല എന്നു സ്പഷ്ടമല്ലേ ? വെളിപ്പെടുത്താതിരുന്നിട്ടും മനുഷ്യർ ഒരു ദിവസം അതിനായി വേർപെടുത്തി എടുത്തു ക്രിസ്തുവിന്റെ ജന്മ ദിവസമായി ആഘോഷിക്കുന്നു. ഇങ്ങനെ ചെയ്യുമ്പോൾ അവർ അറിയാതെയും അറിഞ്ഞും കർത്താവിന്റെ അസന്തുഷ്ടി പിടിച്ചു പററുന്നു.

ക്രിസ്തുവിനെ ഓർമ്മിക്കുവാൻ ലോകത്തിനു കിട്ടുന്ന മററൊരവസരമാണ് ഇത്. അതുകൊണ്ട് അതു എങ്ങനെ തെററാകും എന്നാണ് അവർ ഇതിനു ന്യായീകരണം കണ്ടെത്തുന്നതു. അതു നല്ലതും താത്വികവുമായി മനുഷ്യരെ സമ്മതിപ്പിക്കാം. പക്ഷെ ഇവിടെ കർത്താവിന്റെ ഹിതം പൂർണ്ണമായി പിൻതളളപ്പെട്ടിരിക്കയാണ്. നാം ചോദിക്കേണ്ട ചോദ്യം, കർത്താവിനെ എങ്ങനെ ഓർമ്മിക്കുവാനാണ് അവൻ ആഗ്രഹിക്കുന്നത് ? ഈ കാര്യത്തിൽ കർത്താവ് എന്തെങ്കിലും പറയേണ്ടതല്ലേ ? അവന്റെ അധികാരമാണ് നിലവിലുള്ളതെങ്കിൽ, ആ അധികാരത്തിനാണ് ഇന്നു വിലയുള്ളതെങ്കിൽ ആ കാര്യത്തെ ഗൗരവമായി നാം കണക്കിലെടുക്കണം.

വചനത്തിൽ കർത്താവിൻെറ ജനന ദിവസത്തിനല്ല ഊന്നൽ കൊടുത്തിരിക്കുന്നതു എന്നതാണ് വസ്തുത. കോടാനുകോടി ജനങ്ങൾ അധിവസിക്കുന്ന ഭൂമിയിൽ എല്ലാവരും ഗ്രഹിക്കേണ്ട വസ്തുത, വചനത്തിൽ മുഖ്യമായി പ്രതിപാദിച്ചിരിക്കുന്നതു കർത്താവിൻെറ മരണം, അടക്കം, ഉയിർപ്പ് എന്നിവയാണ്. അവ ക്രിസ്ത്യാനികൾ ഓർമ്മിക്കുവാനും ആഹ്വാനം ചെയ്തിട്ടുണ്ട്. ആഴ്ച്ച വട്ടത്തിൻെറ ഒന്നാം നാളിലാണ് അതു അനുവർത്തിക്കേണ്ടതു (പ്രവൃത്തി 20:7). നുറുക്കപ്പെട്ട ശരീരത്തിൻെറ ഓർമ്മക്കായിട്ടാണ് പുളിപ്പില്ലാത്ത അപ്പം അവർ ഭക്ഷിക്കുന്നതു. ക്രൂശിൽ തൂങ്ങുമ്പോഴും അതിനു മുൻപും കർത്താവ് സഹിച്ച വേദനയും പീഢയും നമുക്കു വേണ്ടിയായിരുന്നു എന്നു നാം സ്മരിക്കണം. അതോടൊപ്പം അവർ മുന്തിരി വള്ളിയുടെ അനുഭവത്തിൽ നിന്നും കുടിക്കുന്നുമുണ്ട്. അതു കർത്താവിൻെറ രക്തത്തെ ആണ് ഓർമ്മിപ്പിക്കുന്നതു. മനുഷ്യരെ തങ്ങളുടെ പാപങ്ങളിൽ നിന്നും വിടുവിച്ച് രക്ഷിക്കുന്നതിനും നിത്യ ജീവൻെറ പ്രത്യാശ പ്രദാനം ചെയ്യുന്നതിനും വേണ്ടിയായിരുന്നു കർത്താവ് രക്തം ചിന്തിയതു (മത്തായി 26:26-28; 1കൊരിന്ത്യർ 11:23-29).

എന്നാൽ ക്രിസ്തുവിൻെറ ജനനം ചുരുങ്ങിയത് വർഷത്തിൽ ഒരിക്കൽ എങ്കിലും ആഘോഷിച്ചുകൂടെ ? കർത്താവ് അനുവദിക്കയാണെങ്കിൽ, പുതിയ നിയമത്തിൽ അപ്പൊസ്തലന്മാരുടേയും പ്രാരംഭ ക്രൈസ്തവരുടെയും മാതൃകയിൽ അതു കാണുന്നുണ്ടെങ്കിൽ നമുക്ക് ആകാം. ഇല്ലെങ്കിൽ പിന്നെ അതിനെ കുറിച്ച് എന്തിനു ചിന്തിക്കണം ? അങ്ങനെ ശാഠ്യത്തോടെ നാം ഇതെല്ലാം ചെയ്യുമ്പോൾ ഉത്ഭവിക്കുന്ന വ്യത്യാസം നിങ്ങൾ അറിയാതിരിക്കരുത്. നമ്മുടെ സ്വന്തം ഇഷ്ടമനുസരിച്ച് കാര്യങ്ങൾ ചെയ്യുന്നതും കർത്താവിൻെറ ഇഷ്ടപ്രകാരം ചെയ്യുന്നതും വളരെ വ്യത്യാസം ജനിപ്പിക്കുന്നു. ദൈവത്തെ മാനിക്കേണ്ട നാം ദൈവഹിതം തിരിച്ചറിയണം. മനുഷ്യൻെറ ചിന്തയും ദൈവത്തിൻെറ ചിന്തയും

വേറെയാണ്. സ്വന്ത വഴി വിട്ട് ദൈവത്തിന്റെ വഴിയേ സഞ്ചരിക്കുക. വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും അതു ക്രിസ്തുവിന്റെ അധികാരത്തിൽ ചെയ്യുക.

തന്റെ കാലത്ത് ജീവിച്ചിരുന്ന ആളുകൾ ചെയ്തു വന്ന ചില തെററായ നയങ്ങളെ പൌലോസ് ഖണ്ഡിക്കുന്നുണ്ട്. "നിങ്ങൾ ദിവസങ്ങളും കാലങ്ങളും സമയങ്ങളും ആചരിക്കുന്നു. ഞാൻ നിങ്ങൾക്കു വേണ്ടി അദ്ധ്വാനിച്ചതു വെറുതെയായി പോയി എന്നു ഞാൻ ഭയപ്പെടുന്നു" എന്നാണ് അപ്പോസ്തലൻ എഴുതിയിരിക്കുന്നതു (ഗലാത്യർ 4:10-11). ഈ കാലത്തു ക്രിസ്തുവിന്റെ ജനന ദിവസം കൊണ്ടാടുന്നതു പോലെ അന്നത്തെ ആളുകൾ പല പരിശീലങ്ങളും ആചാരമായി എടുത്തിരുന്നു. അതു ശരിയാണെന്നു അവരും വിചാരിച്ചിരുന്നിരിക്കണം. നിഷ്പ്രയോജനമാണ് അത്തരം പ്രവൃത്തികൾ എന്നു പറയുന്നതിനു പകരം, അപ്പൊസ്തലൻ അവർക്കു വേണ്ടി വേല ചെയ്തതു വെറുതെയായി എന്നു പോലും പറഞ്ഞിരിക്കയാണ്. അപ്പോൾ ഇത്തരം ദുരാചാരങ്ങൾ ചെയ്യുന്നതിൽ അടങ്ങിയിരിക്കുന്ന ദൂഷ്യഫലം വ്യക്തമായി കാണുമല്ലൊ. അതുകൊണ്ട് ഇതു പോലെയുള്ള ആഘോഷങ്ങളിൽ ചാരിതാർത്ഥ്യം അടയുന്നവർ സൂക്ഷിച്ചില്ലെങ്കിൽ വിനയായി മാറും.

ക്രിസ്തുമസ് ആഘോഷിക്കാത്ത ഞങ്ങൾ ക്രിസ്തുവിരോധികളാണെന്നും ക്രിസ്ത്യാനിത്വത്തിനെതിരായി പ്രവർത്തിക്കുന്നവരാണെന്നും നിരൂപിക്കയും പറകയും ചെയ്യുന്നവരോടു ഞങ്ങൾക്കു സഹതാപമേയുള്ളു. പാരമ്പര്യത്തെയോ മനുഷ്യരുടെ ചിന്താഗതികളെയോ ദൈവിക പ്രവൃത്തിയിൽ നാം വലിച്ചിഴക്കരുത്. ഞങ്ങൾ ക്രിസ്തുവിനെ സ്നേഹിക്കുന്നവരും വിശ്വസിക്കുന്നവരും ആണ്. ആകയാൽ ആരാധനക്കും പരിശീലനത്തിനും ക്രിസ്തുവിന്റെ കല്പനകളേയും നിർദ്ദേശങ്ങളേയും മാനിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നതും. നിങ്ങൾ ബഹു ഭൂരിപക്ഷത്തെ അനുകരിക്കുന്നു. ആകയാൽ വെറും പാരമ്പര്യമായ ഈ ആചാരങ്ങളെ

അനുഷ്ഠിച്ചു വരുന്നു. ബൈബിളിൽ നിന്നും നിങ്ങൾക്കു അതു ശരിയാണെന്നു സമർത്ഥിക്കാവതല്ല. നിങ്ങളുടെ ജീവിതം ക്രിസ്തുവിനെ ആശ്രയിച്ചുള്ളതാകയാൽ നിങ്ങൾക്കു ഒരു പുനഃപരിശോധന ആവശ്യമാണ്. മാനസാന്തരപ്പെട്ട് ദൈവേഷ്ടത്തിലേക്കു തിരിഞ്ഞു വരിക.

മററുള്ളവരുടെ ശ്രദ്ധ ആകർഷിക്കുന്നതിനായി എതിർക്കുന്നു എന്നു വിചാരിക്കരുത്. അത്തരം ആചാരങ്ങൾ നിർത്തുവാൻ ഞങ്ങൾ നിർബ്ബന്ധിക്കയുമല്ല ചെയ്യുന്നത്. ചരിത്രപരമായ ഒരു പഠനം നിങ്ങൾ ഈ കാര്യത്തിൽ നടത്തിയാൽ ഈ ആചാര വ്യവസ്ഥകൾ എവിടെ നിന്നു വന്നു എന്നും അതു എന്തു പുറപ്പെടുവിക്കുന്നു എന്നും, ആദ്യം മനസിലാക്കാം. പിന്നീട് വചനത്തിന്റെ കാഴ്ച്ചപ്പാടിൽ അതിന് അടിസ്ഥാന പരമായ അധികാരമുണ്ടോ എന്നും കർത്താവിനെ ഓർമ്മിക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതു എങ്ങനെ എന്നും ഗ്രഹിക്കുക. അപ്രകാരം ഒരു തിരിച്ചറിവ് നിങ്ങളിൽ ഉണ്ടാകുമ്പോൾ ഒരു വീണ്ടു വിചാരം നിങ്ങൾക്ക് ഉണ്ടാകും. ക്രിസ്തുവിനെ നിങ്ങൾ അനാദരിക്കുവാനല്ല ഞങ്ങൾ ഉത്ബോധിപ്പിക്കുന്നതു; വാസ്തവമായി ആദരിക്കുവാനാണ്. ഈ സമീപനം നിങ്ങളുടെ മനസിനെ മാററിയില്ലെങ്കിൽ മററൊന്നു മാററുവാനായിട്ടില്ല. എന്നാൽ തുടർന്നും നിങ്ങൾ ആലോചിക്കേണ്ട കാര്യം, കർത്താവിനെ നിങ്ങൾ എങ്ങനെ സ്മരിക്കേണം എന്നാണ് കർത്താവ് ഇച്ഛിക്കുന്നത്? നിങ്ങൾ ഏതു വിധം അവനെ ഓർമ്മിക്കുവാൻ ആഗ്രഹിക്കുന്നു എന്നല്ല ചിന്തിക്കേണ്ടതു. ഇതു രണ്ടും വളരെ വ്യത്യാസം ഉള്ളതാണ്.

★

# സ്നേഹം പാപങ്ങളെ മറെക്കുന്നു

## പി. ഡി. ടെയിലർ

പത്രൊസ് തന്റെ ലേഖനത്തിൽ സ്നേഹത്തിന്റെ ദിവ്യഗുണത്തെ എടുത്തു കാണിക്കുന്നുണ്ട്. എല്ലാ സ്വഭാവങ്ങളിലും ശ്രേഷ്ഠമായ ഈ സ്നേഹം നമ്മിൽ ഉണ്ടെങ്കിൽ അനേക പാപങ്ങളെ നമുക്കു മറെക്കുവാൻ സാധിക്കും. ഇതിനർത്ഥം കുറെ നാളത്തേക്കു മൂടി വെക്കുകയും പിന്നീട് അവസരം വരുമ്പോൾ പുറത്തെടുക്കുകയും ചെയ്യുക എന്നല്ല. പാപങ്ങളുടെ ബാഹുല്യത്തെ മറെക്കുക എന്നതിൽ ദൈവം എന്താണ് അർത്ഥമാക്കുന്നതു ? അനുസരണം കൂടാതെ തന്നെ നമ്മുടെ പാപങ്ങൾ ദൈവം ക്ഷമിക്കുമെന്നു അതിനർത്ഥമുണ്ടോ ? ഇല്ല. ദൈവം ആരുടേയും മുഖം നോക്കുന്നവനല്ല (പ്രവൃത്തി 10:35). അവൻ ലോകത്തെ മുഴുവൻ സ്നേഹിക്കുന്നുണ്ട്. എന്നിരുന്നാലും അധികം ആളുകളും നഷ്ടപ്പെട്ടവരായിരിക്കും എന്നു കർത്താവ് മുന്നറിയിച്ചിട്ടുണ്ട്. എന്താണ് അതിനു കാരണം ? അവർ മാനസാന്തരപ്പെടാനോ സുവിശേഷം അനുസരിക്കാനോ മനസ്സു വെക്കില്ല എന്നതാണ് (മത്തായി 7:13,14, 21-23).

മനുഷ്യർക്കു തന്നിട്ടുള്ള കല്പനകൾ മൊത്തത്തിൽ വെളിപ്പെടുത്തുന്നതു, അനുസരണം ഒഴിച്ചു മാററാൻ പററുകയില്ല എന്നാണ്. ഇനി സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറെക്കും എന്നതു ദൈവവും മനുഷ്യരുമായുള്ള ബന്ധത്തിലല്ല പറഞ്ഞിരിക്കുന്നതു, മനുഷ്യരും മനുഷ്യരും തമ്മിലുള്ള പെരുമാററത്തെ ആസ്പദമാക്കിയാണ് പറഞ്ഞിരിക്കുന്നതു. സഹോദരന്മാരേ, നിങ്ങളിൽ ആരെങ്കിലും സത്യം വിട്ടു തെററിപോയാൽ, അങ്ങനെയുള്ളവനെ ഒരുവൻ യഥാസ്ഥാനപ്പെടുത്തിയാൽ അവന്റെ ആത്മാവിനെ പാതാളത്തിൽ നിന്നും രക്ഷിച്ചിരിക്കുന്നു. അവന്റെ പാപങ്ങളുടെ ആധിക്യം രക്ഷാ മാർഗ്ഗത്തിനു തടസമായി നാം കാണരുത്. ഈ

സന്ദർഭത്തിൽ പാപിക്കു മാനസാന്തരവും രൂപാന്തരവും ആവശ്യമാണ്. തെററായ ഉപദേശമോ തെററായ ജീവിതമോ ഒരാളെ സത്യത്തിൽ നിന്നും അകററിക്കളയും. ഒരാൾ അങ്ങനെയുള്ളവനെ തിരിച്ചുകൊണ്ടുവന്നാൽ അതു തീർച്ചയായും വലിയ പ്രവൃത്തി തന്നെയാണ്. യാക്കോബ് നമ്മെ ഉത്ബോധിപ്പിക്കുന്നതും അതു തന്നെ.

സുവിശേഷം അനുസരിച്ചിട്ടില്ലാത്ത പാപിയായ ഒരാൾക്കും ആത്മാവിന്റെ രക്ഷക്കു മാനസാന്തരവും രൂപാന്തരവും അനിവാര്യമാണ്, പെന്തെകൊസ്തുനാളിൽ സഭ ആരംഭിച്ച് അധികം കഴിയുന്നതിനു മുൻപ് പത്രോസ് പറയുന്നതു, മാനസാന്തരപ്പെട്ട് തിരിഞ്ഞ് പാപങ്ങളെ കഴുകിക്കളയേണ്ടതിനു രൂപാന്തരപ്പെടുവിൻ എന്നാണ്. പത്രോസ് അതിധൈര്യമായി പ്രസ്താവിച്ചിരിക്കയാണ് (പ്രവൃത്തി 3:14). അതിനു തൊട്ടുമുൻപ് മൂവായിരം പേർ വിശ്വാസത്തോടെ മാനസാന്തരപ്പെടുകയും സ്നാനപ്പെടുകയും ചെയ്താൽമാത്രമെ പാപമോചനവും പരിശുദ്ധാത്മാവും ലഭിക്കയുള്ളൂ എന്നതു മനസിലായപ്പോൾ. അവർ അതു അനുസരിച്ചു. ദൈവത്തിന്റെ സ്നേഹം പ്രകടമായി തീർന്നു; മുൻ കഴിഞ്ഞ പാപങ്ങൾ ദൈവം അവരിൽ കണക്കിടാതിരുന്നു. വചനം കൈക്കൊണ്ടു സ്നാനമേററവർ അതീവ സന്തോഷം അനുഭവിച്ചിരുന്നതായി നാം വായിക്കുന്നുണ്ട്.

പാപം കണക്കിടാതെ നമ്മോടു ദൈവം ക്ഷമിക്കുമ്പോൾ അതെത്ര ആനന്ദകരമാണെന്ന് ഓർത്തു നോക്കൂ. ഇന്നും ഇതേ രീതിയിൽ പരിവർത്തനം ചെയ്യുന്ന ഏതൊരാൾക്കും അതു ലഭിക്കും. ക്രിസ്തുവിന്റെ മരണവും അടക്കവും ഉയിർപ്പും ദൈവസ്നേഹമായിരുന്നു എന്നു എടുത്തു പറയാതെ എല്ലാവർക്കും അറിയാം. പക്ഷേ; അതിനോടു ഏകീഭവിക്കുവാൻ അധികം പേർക്കും കഴിയുന്നില്ല. ജീവന്റെ പുതുക്കം പ്രാപിക്കുവാനും ക്രിസ്തുവിനോടു ചേരുവാനും വെച്ചിരിക്കുന്ന സ്നാനത്തെ ആളുകൾ ഇന്ന് അവഗണിച്ചിരിക്കയാണ്. വീണ്ടും ജനനം ദൈവത്തെ അനുസരിക്കുമ്പോൾ ഉണ്ടാകുന്ന ഒന്നാണ്.

അനുസരണമില്ലാത്തവരിൽ ഈ ജനനം വളരെ അകലെയാണ്. വെള്ളത്താലും ആത്മാവിനാലും ഉള്ള പുതുക്കം ആന്തരിക മനുഷ്യന്റെ ജീവന് ആധാരമായിട്ടുള്ളതാണ്. ചിലർക്കു അതൊരു നിസാരകാര്യമായി തോന്നാം. മററു ചിലർക്കു അതിൽ ഒന്നും താല്പര്യമേ കാണുന്നില്ല. ദൈവസ്നേഹത്തെ നിരസിക്കുകയാണ് ഇവരെല്ലാം.

ദൈവവചനം കൈക്കൊണ്ടു സ്നാനമേററവർക്കു അവർണ്ണനീയമായ അനുഭൂതിയാണ് അനുഭവിക്കാൻ ആയത് (പ്രവൃത്തി 2:41). അവരുടെ പാപങ്ങൾ തുടച്ചുമാററിയതു ക്രിസ്തുവിന്റെ രക്തത്താലായിരുന്നു. ഇന്നും ക്രിസ്തുവിന്റെ മരണത്തിലും അടക്കത്തിലും പങ്കാളികളാകുന്ന ഏവർക്കും കിട്ടുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്.

പത്രൊസ്, 1 പത്രൊസ് 4:8-ൽ മററുള്ളവരുടെ തെററുകളിൽ നമുക്ക് അവരോടുള്ള മനോഭാവത്തെ എടുത്തുകാണിക്കുന്നു. സദൃശവാക്യങ്ങൾ പത്താം അദ്ധ്യായം പന്ത്രണ്ടാം വാക്യത്തെ അനുസ്മരിപ്പിക്കുകയാണ് പത്രൊസ്. ശലോമോൻ പറഞ്ഞത്, വെറുപ്പ് വിദ്വേഷവും കൈപ്പും ജനിപ്പിക്കുന്നുവെങ്കിൽ സ്നേഹം എല്ലാ പാപങ്ങളേയും മറെക്കുന്നു എന്നാണ്. ദയയും മനസലിവും ഉള്ളവർക്കു മാത്രമെ ക്ഷമിക്കാൻ പററു. അല്ലാത്തവർക്കു ക്ഷമാശീലം കാണുകയില്ല. നാം സ്നേഹിക്കുന്നവരുടെ അപൂർണ്ണതകളെ കാണാൻ നമുക്കു കഴികയില്ല.

സഹോദരന്മാരേ നാം ഇതുപോലെ സ്നേഹിക്കുന്നവരാണോ? സഹോദര സ്നേഹം ബലഹീനതകൾ ഉണ്ടായാൽ പോലും അവരെ ചുഴിഞ്ഞു നോക്കുവാനോ അവരെ പ്രചരിപ്പിക്കുവാനോ തുനിയുകയില്ല. മററുള്ളവരുടെ തെററുകൾ നാം കൈകാര്യം ചെയ്യേണ്ട വിധത്തിൽ കൈകാര്യം ചെയ്യണം. ആവശ്യഘട്ടം നേരിടുമ്പോൾ നമ്മുടെ സ്നേഹം പ്രവർത്തിക്കണം. യഥാർത്ഥ സ്നേഹം തെററുകളെ പെരുപ്പിച്ചു കാണിക്കുകയല്ല; മറിച്ച് അതു മററാരും അറിയാതെ ആ

വ്യക്തിയുമായി ബന്ധപ്പെട്ട് തിരുത്തണം. കാണേണ്ട തിന്നു അപ്പുറം നാം ആരേയും കാണരുതു. നാം ചെയ്യുന്ന പ്രവൃത്തിക്കു കളങ്കം പററാതെ സൂക്ഷിക്കണം.

## വിയോജിപ്പുകൾ നമുക്കു ഉണ്ടാകാം

സഭയിൽ വിയോജിപ്പുകൾ ഒന്നുമില്ലെങ്കിൽ ആ സഭ നിർജ്ജീവമെന്നു പറയാം. ജീവിക്കുന്ന മനുഷ്യർക്കേ ക്രിയാശേഷി കാണുകയുള്ളു. പ്രവർത്തനങ്ങൾ വർദ്ധിക്കുമ്പോൾ അഭിപ്രായഭിന്നതകൾ, ആശയ വ്യത്യാസങ്ങൾ, വ്യത്യസ്ഥമായ ചിന്തകൾ എന്നിവ ഉടലെടുക്കാം. ഉദാഹരണമായി ഒരു കെട്ടിടം സഭക്കു വേണ്ടി പണിയാൻ ആരംഭിച്ചാൽ, എങ്ങനെ പണിയണം, എത്ര പണം ചെലവഴിക്കണം എന്നീ കാര്യങ്ങളെ കുറിച്ച് പലർക്കും പല രീതിയിലുള്ള ആശയങ്ങൾ കാണും. അതെല്ലാം ചർച്ചക്കുവരുമ്പോഴാണ് ഇതെല്ലാം ഉണ്ടാകുന്നതു. എന്നാൽ തീരുമാനങ്ങൾ എടുക്കേണ്ടി വരുമ്പോൾ അവിടെ വിട്ടുവീഴ്ചകൾക്കു തയ്യാറായാൽ പ്രശ്നമേ ഇല്ല. സ്നേഹമില്ലെങ്കിൽ ഒത്തുതീർപ്പു പ്രയാസമാണ്, കാര്യങ്ങൾ നടപ്പിൽ വരുത്തുക എളുപ്പമല്ല. ഇത്തരം സാഹചര്യങ്ങളിൽ സ്നേഹത്തിനു വളരെയധികം പ്രാധാന്യം ഉണ്ട്.

രണ്ടാമത്തെ സുവിശേഷ പ്രവർത്തനയാത്രാ വേളയിൽ മർക്കോസിനെ കൂടെ കൊണ്ടുപോകേണമോ എന്ന കാര്യത്തിൽ പൗലൊസും ബർന്നബാസും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായി (പ്രവൃത്തി 15:36-41). പൗലൊസ് ആ പ്രശ്നം ശീലാസും ബർന്നബാസുമായി സംസാരിച്ച് പരിഹരിച്ചതു നിമിത്തം അവരുടെ അദ്ധ്വാനം ഫലപ്രാപ്തിയിലെത്തി. പൌലൊസ് ഇതിന്റെ പേരിൽ വൈരാഗ്യം വെച്ച് മറ്റൊരു ഇടവക സ്ഥാപിക്കാൻ തയ്യാറായില്ല. പിന്നീട് പൗലൊസ് അതിനെ കുറിച്ച് എഴുതിയതു, തിമൊഥെയോസേ നിന്നോടു കൂടെ മർക്കൊസിനേയും കൂട്ടി കൊണ്ടുവരിക; അവൻ എന്റെ ശുശ്രൂഷക്കു പ്രയോജനമുള്ളവനത്രേ (2തിമൊഥെയോസ് 4:11).

സ്നേഹമുണ്ടെങ്കിൽ ഛിയോജിപ്പുകൾ ഇല്ലാതാകും. സ്നേഹം സ്പർദ്ധിക്കുന്നില്ല, കോപം കണക്കിടുന്നില്ല. എല്ലാം പൊറുക്കുന്നു; എല്ലാം സഹിക്കുന്നു. സമ്മതിക്കാൻ ആവാത്തതു ചിലപ്പോൾ സമ്മതിക്കേണ്ടിവരും. ദിവ്യമായ ഈ ഗുണം നമ്മെ അനേകം പാപങ്ങളിൽ നിന്നും സൂക്ഷിക്കും. പ്രതികാരദാഹികളുടെയും ശത്രുക്കളുടെയും അക്രമങ്ങളിൽ നിന്നും മോചിക്കുവൻ ഈ സൽഗുണ മനോഭാവം അത്യാവശ്യമാണ്. എത്ര വാസ്തവമാണ് ഇതെന്നു നാം പരിശീലിച്ചു നോക്കുമ്പോഴേ അറിയു.

## തെററായ കാര്യങ്ങളെ മായ്ക്കുന്നവ

എല്ലാ മനുഷ്യർക്കും സ്വഭാവ വ്യത്യാസവും വ്യക്തിത്വ ഭേദവും ഉണ്ട്. അവയിൽ ചിലതു നല്ലതും മററു ചിലതു വളരെ നല്ലതും ആയിരിക്കും. മോശമായ സ്വഭാവവും വളരെ മോശമായ സ്വഭാവവും ഉണ്ട് എന്ന കാര്യവും സമ്മതിക്കണം. ചിലതു മററുള്ളവരെ ചൊടിപ്പിക്കും; അവർ തെററോ ശരിയോ എന്നതു നോക്കിയല്ല. കാര്യം മനസ്സിലാകുമ്പോൾ ചിലപ്പോൾ ഒരാൾ ഏററു മുട്ടലുകൾ ഒഴിവാക്കുവാൻ മാററം വരുത്തും. മിക്കപ്പോഴും ചൊടിപ്പിക്കപ്പെട്ടയാൾക്കാണ് പുനഃപരിശോധനയും ചിന്തയും ആവശ്യം. ഈ തെററിനെ സാരമാക്കാതെ തുടച്ചുകളയുവാൻ സ്നേഹം കാരണമായിതീരുന്നു. കൂടാതെ അതു അയാൾ മറന്നുകളയുകയും ചെയ്യും.

ഈ തത്വത്തിനു ബൈബിളിൽ ഉദാഹരണമെന്തെന്നു നോക്കാം. യേശു പന്ത്രണ്ടു അപ്പൊസ്തലന്മാരെ തിരഞ്ഞെടുത്തു അവരോടൊപ്പം ആഹാരം കഴിച്ചു, സഞ്ചരിച്ചു ജീവിച്ചു. അവർക്കു ക്ഷമയുടെ ആവശ്യകതയെ അവൻ ബോധ്യപ്പെടുത്തി കൊടുക്കയും ചെയ്തു. കനാന്യനും എരിവുകാരനുമായ ശീമോനെയും ചുങ്കക്കാരനായ മത്തായിയെയും കർത്താവ് വിളിച്ചു ശിഷ്യരാക്കി. വ്യത്യസ്ഥ സ്വഭാവങ്ങൾ ഉള്ള ഇവർക്കു രണ്ടു പേർക്കും യോജിച്ചു പോകുവാൻ കഴിഞ്ഞതു സ്നേഹം കൊണ്ടായിരുന്നു.

***

# മനസ്സിനെ ഉപയോഗിക്കുക

ഡി. ജോൺ

ഗ്രാഹ്യബുദ്ധിയില്ലാത്ത മൃഗങ്ങൾ ധാരാളമുണ്ട്. മൃഗങ്ങളേക്കാൾ വിശേഷ ബുദ്ധി മനുഷ്യർക്ക് ഉണ്ടെന്നാണ് വയ്പ്. വിവേക ശൂന്യരായ മൃഗങ്ങളേക്കാൾ തരം താഴ്ന്ന സ്വഭാവം ചില ആളുകളിൽ കണ്ടാലോ നാം മൂക്കത്തു വിരൽ വെച്ചു പോകും. ഇതിനു പ്രദേശമോ ഭാഷയോ വർഗ്ഗമോ ഭേദമില്ല. സങ്കീർത്തനം 32:9-ൽ നാം വായിക്കുന്നതു, "നിങ്ങൾ ബുദ്ധിയില്ലാത്ത കുതിരയെയും കോവർ കഴുതയെയും പോലെ ആകരുതു; അവയുടെ ചമയങ്ങളായ കടിഞ്ഞാണും മുഖപ്പട്ടയും കൊണ്ടു അവയെ അടക്കി വരുന്നു; അല്ലെങ്കിൽ അവ നിനക്കു സ്വാധീനമാകയില്ല.

## മനസ്സിൻെറ വരം

ശിശുക്കളെപ്പോലെ ചിന്തിക്കരുതെന്നു അപ്പൊസ്തലനായ പൗലൊസ് തൻെറ ലേഖനത്തിൽ മുന്നറിയിച്ചിട്ടുണ്ട്. "സഹോദരന്മാരേ, ബുദ്ധിയിൽ കുഞ്ഞുങ്ങൾ ആകരുത്; തിന്മക്കു ശിശുക്കൾ ആയിരിപ്പിൻ; ബുദ്ധിയിലോ മുതിർന്നവർ ആയിരിപ്പിൻ" (1കൊരിന്ത്യർ 14:20). കുട്ടികളെപ്പോലെ ചിന്തിക്കാതെയും മൃഗങ്ങളെപ്പോലെ വിവേകമില്ലാത്തവരല്ലാതെയും ഇരുന്നാൽ എന്താണ്? മനുഷ്യനു ഏററവും നല്ല വരം കൊടുത്തിരിക്കുന്നതു ശരിയായി ഉപയോഗിക്കുന്നതിനാണ്. കാര്യങ്ങളെ അപഗ്രഥനം ചെയ്യുന്ന രീതിയിൽ മനസ്സിനെ ഉപയോഗിക്കണം. അങ്ങനെ ചെയ്താൽ നാം എല്ലായ്പോഴും നല്ല ഉപസംഹാരത്തിൽ എത്തുമെന്നോ മാനസിക ശേഷികൊണ്ടു തെററുകൾ തിരുത്തി രക്ഷ പ്രാപിക്കാമെന്നോ അർത്ഥമാക്കരുതു. ദൈവത്തിൻെറ ഈ മഹത്തായ ദാനത്തിൻെറ മാഹാത്മ്യം പ്രശംസനീയമായി പലരും കാണുന്നില്ല.

(ശേഷം 19-ാം പേജിൽ)

# രക്ഷ

## മൈക്കിൾ. എൽ

മനുഷ്യരക്ഷയിൽ എന്താണ് അടങ്ങിയിരിക്കുന്നതു എന്നു മനസിലാക്കാതിരിക്കുന്നതാണ് ആധുനിക മനുഷ്യരുടെ ഗൗരവമേറിയ പ്രശ്നങ്ങളിൽ ഒന്ന്. അവഗണിക്കപ്പെട്ടവയിൽ വെച്ച് ഏററവും നിസാരമായി കരുതിയിരിക്കുന്നതും ഇതു തന്നെയാണ്. ശരിയല്ലാത്തതും ഭാഗികമായതും ആയ വിവരങ്ങൾ വെച്ച് ഒരു വ്യാപാരത്തിൽ പണം നിക്ഷേപിക്കുന്ന ആൾ തൻെറ ഭാവിയെ നശിപ്പിക്കുകയാണ് ചെയ്യുന്നതു. ആരോഗ്യത്തെക്കുറിച്ച് കുറെ മാത്രം അല്ലെങ്കിൽ തെററായ ചില അറിവുകൾ മാത്രം കൊണ്ടു ജീവിതം നയിക്കുന്ന ഒരാളുടെ ജീവിതത്തെ അതു ഇല്ലാതാക്കിയേക്കും. അതുപോലെയാണ് രക്ഷയെ സംബന്ധിച്ച് തെററായതോ ഭാഗികമായതോ ആയ അറിവ് ഏതൊരാളെയും നിത്യജീവൻെറ ഭവനമായ സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ കഴിയാതാക്കും. തങ്ങൾക്കു ലഭിച്ച അവസരം പാഴാക്കി കഴിഞ്ഞതിനു ശേഷം നിരാശപ്പെടുന്നതിനേക്കാൾ അതു കിട്ടുമ്പോൾ നല്ലതുപോലെ തിരിച്ചറിഞ്ഞ് പ്രവർത്തിച്ചാൽ പകരം കിട്ടുന്നതു പ്രതിഫലമായിരിക്കും.

രക്ഷയെ കുറിച്ച് നാം ചിന്തിക്കുന്നതിനു മുൻപ്, ആദ്യത്തെ നമ്മുടെ അവസ്ഥയെ നാം മനസിലാക്കണം. എല്ലാവരും പാപം ചെയ്തു ദൈവത്തിൻെറ തേജസ് ഇല്ലാത്തവരായി തീർന്നു. ഒരാൾ, താൻ പാപിയാണെന്നു തിരിച്ചറിയാത്ത കാലത്തോളം രക്ഷയെ കുറിച്ച് പറഞ്ഞാൽ അയാൾക്കു അതു ചേമ്പിൻെറ ഇലയിൽ വെള്ളം ഒഴിക്കുന്നതുപോലെയാണ്. ഏതു സ്ഥലത്തുള്ളവനായാലും എത്ര വിദ്യാഭ്യാസം ലഭിച്ചവനായാലും ശരി കുററരഹിതമായ ജീവിതം മനുഷ്യന് അസാദ്ധ്യം തന്നെ. തിരിച്ചറിവിൽ എത്തിയ എല്ലാവരും

ഇതു സമ്മതിച്ചേ മതിയാകൂ. ന്യായീകരിക്കാൻ പലർക്കും വിരുതുകളുണ്ട്. പക്ഷെ ദൈവം അതു അംഗീകരിക്കണമല്ലൊ. ആവശ്യമാണ് കണ്ടു പിടിക്കുന്നതിനോ അന്വേഷിക്കുന്നതിനോ സാഹചര്യം ഒരുക്കുന്നതു. രക്ഷ ആവശ്യമാണ് എന്ന തോന്നൽ ഉണ്ടാകുമ്പോൾ അന്വേഷിച്ച് കണ്ടെത്തും.

ദൈവ കൃപയാൽ ലഭിക്കുന്നതാണ് രക്ഷ എന്നതു നിസംശയം പറയാം. ക്രിസ്തു മുഖാന്തരം ദൈവം തന്റെ സ്നേഹാധിക്യത്താൽ വാഗ്ദാന പ്രകാരം നല്കുന്ന ദാനമാണ് ഇതു. സ്വയമായി അപ്രാപ്യവും നേടിയെടുക്കാൻ പററാത്തതുമായ ഈ രക്ഷ ലോകത്തുള്ള എല്ലാ വ്യക്തികൾക്കും ഒരു പോലെ കിട്ടത്തക്ക ദാനമാക്കി വെച്ചിരിക്കുന്നു. ഒരു വ്യക്തിക്കും സ്വന്ത പ്രയത്നത്താൽ നേടാൻ കഴിയാത്ത രക്ഷ ദൈവം സൗജന്യമായി നല്കുന്നു എന്നതാണ് നല്ല വിശേഷം. മഹാദയയും കരുണയും ഇതിന്റെ പിന്നിൽ ഉണ്ട് എന്ന കാര്യം മറന്നുകളയരുത്.

എഫെസ്യർക്കു പൗലൊസ് എഴുതുമ്പോൾ “കൃപയാലല്ലൊ വിശ്വാസം മൂലം നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല (എഫെസ്യർ 2:8-9). ക്രിസ്തുവിന്റെ മരണത്താലുള്ള യാഗം ആണ് ഇതിനിടയായതു. ദൈവം മഹാ പരിശുദ്ധനും അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനുമാണ്. അശുദ്ധനായ മനുഷ്യന്റെ അശുദ്ധി നീക്കുവാൻ ദൈവത്തിനു മാത്രമെ കഴിയു. കാരണം മനുഷ്യന്റെ സൃഷ്ടാവും പിതാവുമാണ് ദൈവം. ദൈവ നീതിക്കു ഭംഗം വരാതെ നഷ്ടപ്പെട്ട തന്റെ മക്കളെ വീണ്ടെടുക്കുവാനുള്ള ദൈവത്തിന്റെ പദ്ധതിയാണ് രക്ഷ. വ്യാപാരവും തൊഴിലും; രാഷ്ട്രീയവും പോലെയല്ല ദൈവത്തോട് അടുക്കുക എന്നതു. അതിനു നമ്മുടെ കഴിവിലോ ബുദ്ധിയിലോ ആശ്രയിക്കുന്നതായാൽ ഫലം മാറി പോകും.

രക്ഷിക്കപ്പെടുന്നതിനു പ്രാധാന്യവും വിലയും ഉണ്ട്; കാരണം രക്ഷിക്കപ്പെടാത്തവർ കർത്താവിനോടു ചേരുന്നില്ല; കർത്താവിന്റെ സഭയോടു ചേർക്കപ്പെടുന്നില്ല; രക്ഷിക്കപ്പെടാതിരുന്നാൽ സ്വർഗ്ഗത്തിൽ പ്രവേശിക്കയുമില്ല. വില മതിക്കാനാവാത്ത രക്ഷയുടെ ആവശ്യം ഇനിയും നിങ്ങൾക്കു ബോധ്യമായില്ലെങ്കിൽ പുതിയ നിയമ പുസ്തകങ്ങളിൽ ഒന്നായ അപ്പോസ്തല പ്രവൃത്തികൾ വായിക്കുക. മനസിലാകാത്തതു എഴുതി ചോദിക്കുക. അറിവില്ലായ്മ കൊണ്ട്, ഉദാസീനത കൊണ്ട് നിങ്ങൾ ആത്മാവിനെ നിത്യ ശിക്ഷാവിധിയിലേക്കു അയക്കരുതു. അവസാനം തിരിഞ്ഞുവരുവാൻ കഴിയാത്ത അവസ്ഥ സംജാതമാകും. അതിനു മുൻപ് തീരുമാനിക്കുക.

***

# നിയമം എന്തിന്?

ഏതൊരുരാജ്യത്തിലും നിയമങ്ങൾക്ക് കുറവില്ല. സാധാരണ ജനങ്ങൾക്കും, ഉയർന്ന മേധാവികൾക്കും തരം തിരിച്ച വകുപ്പുകൾ, ഉപവകുപ്പുകൾ എന്നിവ യഥേഷ്ടം ഉണ്ട്. നിയമാധിക്യം കൊണ്ടും ജനങ്ങൾ കീഴ്പ്പെടുന്നില്ല. നിയമത്തിനു വിധേയരാകേണ്ട ആളുകൾ അതു കാര്യമായി കണക്കാക്കുന്നില്ല. നിയമത്തെ മറികടന്നു ജീവിക്കുവാനാണ് അധികം പേർക്കും താല്പര്യം. നിയമത്തിന്റെ ആവശ്യകത പിന്നെ എന്തിന് എന്ന് പലരും ചോദിച്ചു പോകും. മാർഗ്ഗമില്ലെങ്കിൽ സഞ്ചാരം എളുപ്പമാകയില്ല. നിയമമില്ലെങ്കിൽ സുഗമമായ ജീവിതം സാദ്ധ്യമല്ല. സന്തോഷവും സമാധാനവും പ്രശ്നങ്ങൾ ഉണ്ടാകാതിരുന്നാൽ മാത്രം. പ്രശ്നങ്ങൾ നേരിടുമ്പോൾ മനസിനു തളപ്പിഴ അനുഭവപ്പെടും. കാര്യശേഷി നിരാശാ ജനകമായി മാറും.

ദൈവത്തിൻെറ നിയമങ്ങളും ചട്ടങ്ങളും നാം സന്തോഷത്തോടെ ജീവിക്കുന്നതിനുവേണ്ടി രൂപപ്പെടുത്തിയതാണ്. അതു ലംഘിക്കപ്പെടുമ്പോൾ പല രീതിയിൽ നാം വിഷമസന്ധിയിലായി മാറും. ആദിമ മനുഷ്യർതൊട്ട് ആധുനിക മനുഷ്യർ വരെ ഇതു വാസ്തവമാണ്. അനുസരണക്കേട് അനാവശ്യ പിരിമുറുക്കം ഉണ്ടാക്കി തീർക്കും. നിങ്ങളുടെ വ്യാപാരത്തിലായാലും തൊഴിൽ സ്ഥാപനത്തിലായാലും വിദ്യാലയങ്ങളിലായാലും ഇതു അക്ഷരം പ്രതി ശരിയാണ്. നിയമം അനുസരിച്ച് പോയാൽ ആരെയും ഭയപ്പെടേണ്ട. ആരുടേയും മുൻപിൽ തല കുനിക്കാതെ ധൈര്യമായി പോകാം. പക്ഷെ ചെയ്യരുതാത്തതു ചെയ്തു കഴിഞ്ഞാൽ ധൈര്യം പൊയ്പോകും. ചെയ്യേണ്ടതു ചെയ്തില്ലെങ്കിലും അതുണ്ടാകും.

ദൈവത്തിൻെറ കല്പനകളും ചട്ടങ്ങളും അനുസരിച്ചവർക്കു ഭയപ്പെടേണ്ട കാര്യമില്ല (റോമർ 8:1-2). അവർക്കു നിത്യജീവൻ ലഭിക്കും എന്നു ദൈവം പറഞ്ഞിട്ടുണ്ട്. അനുസരിക്കാത്തവർക്കു നിത്യജീവൻ ലഭിക്കുകയില്ല (യോഹന്നാൻ 3:36). പുതിയ നിയമത്തിലെ ദൈവത്തിൻെറ ചട്ടങ്ങളും പ്രമാണങ്ങളും നിങ്ങൾ എങ്ങനെ കണ്ടിരിക്കുന്നു ? അതനുസരിക്കുവാൻ തടസമായി നിങ്ങളുടെ ജീവിതത്തിൽ എന്താണ് ഉള്ളതു. ദൈവ നിയമത്തേക്കാൾ വലുതായി നിങ്ങൾ കാണുന്നതു മററെന്തെങ്കിലുമാണോ ? അതോ ദൈവത്തിൻെറ നിയമത്തിൽ നിങ്ങൾക്കു വിശ്വാസമില്ലേ ?. വിശ്വാസമില്ലെങ്കിൽ ദൈവത്തെ പ്രസാദിപ്പിക്കുവാൻ നിങ്ങൾക്കുകഴിയുമോ ?.

ദൈവം ന്യായ പ്രമാണം കൊടുത്ത യഹൂദന്മാർ അവരുടെ സമ്പ്രദായങ്ങൾ കൊണ്ട് ദൈവത്തിൻെറ നിയമത്തെ ദുർബ്ബലമാക്കി. നിങ്ങൾ അതുപോലെ നിങ്ങളുടെ പാരമ്പര്യത്താൽ ദൈവത്തിൻെറ നീക്കമില്ലാത്ത നിയമത്തെ അശക്തമാക്കുവാൻ ശ്രമിക്കുന്നുണ്ടോ ? ദൈവത്തിൻെറ അതിഭയങ്കരമായ നാൾ സമീപിക്കുന്നതുകൊണ്ട് ഭയങ്കരമായ ശിക്ഷയിൽ നിങ്ങൾ അകപ്പെടാതിരിക്കാൻ ദൈവത്തിനു കീഴ്പ്പെടുക.

***

(14-ാം പേജിന്റെ തുടർച്ച)

ബാഹ്യ പ്രേരണക്കു വിധേയമായി തങ്ങളുടെ ചിന്തകളെ പണയം വെച്ചിരിക്കുന്ന അനേകം പേർ അവരുടെ താല്പര്യങ്ങളെ അടിമപ്പെടുത്തിയിരിക്കയാണ്. ബൈബിൾ പഠനത്തിന്റെ കാര്യത്തിലും മതപരമായ വിശ്വാസാചാരങ്ങളിലും ഇതു അപകടകരമായ അന്ത്യം കുറിക്കും.

## വിചാരങ്ങളെ നയിക്കുകയും നിയന്ത്രിക്കുകയും വേണം

നമുക്കു ചിന്തിക്കുവാനുള്ള മനസ്സുള്ളപ്പോൾ നേരായി അതിനെ നയിക്കുവാൻ ചിലപ്പോൾ നമുക്കു സഹായം ആവശ്യമാണ്. ആരെങ്കിലും മൗനം അവലംബിക്കുമ്പോഴും നമ്മുടെ രസകരമായ സംസാരത്തിൽ പ്രതികരിക്കാതിരിക്കയും ചെയ്യുമ്പോൾ നാം ചോദിക്കാറില്ലേ? "മനസ്സെവിടെയാണ്? നിങ്ങൾ എന്തു ചിന്തിക്കുകയായിരുന്നു എന്നെല്ലാം,. ശ്രദ്ധ ഒന്നിൽ നിന്നും മറ്റൊന്നിലേക്കു വഴുതി പോകുന്നതും സ്വാഭാവികമാണ്. "ഏയ് അങ്ങനെ ഒന്നുമില്ല" എന്ന മറുപടിയാണ് പലപ്പോഴും കിട്ടാറ്. അവരുടെ ചിന്തകൾ മാറിപോയി എന്നു സമ്മതിക്കയോ അതെന്താണെന്നു പറയുകയോ ചെയ്യാറില്ല. അതിനു കാരണങ്ങൾ ഉണ്ട്. മറ്റേതൊരു ദിശയിലുമെന്ന പോലെ മനസ്സിനെ നയിക്കുന്നതിലും ദൈവം നിർദ്ദേശങ്ങൾ കൊടുക്കാതിരുന്നിട്ടില്ല. നിത്യ ജീവനു ആധാരമായ പരമ പ്രധാനമായ കാര്യങ്ങളെ ബൈബിളും ക്രിസ്തുവിനെ സംബന്ധിച്ച സാക്ഷ്യവും വ്യക്തമാക്കുന്നു. നമ്മുടേതായ ചിന്തകളെ ദൈവത്തിന്റേതാക്കി മാറ്റുന്നതിൽ നാം ശ്രദ്ധാലുക്കളാകണം.

നമ്മെ വിളിച്ചിരിക്കുന്നതു സ്വ: മനസ്സിന്റെ ചലനത്തിനു വിധേയമായി ചിന്തിക്കുന്നതിനോ പ്രവർത്തിക്കുന്നതിനോ അല്ല. അതു പറയുമ്പോൾ നമ്മുടെ സ്വാതന്ത്ര്യം എടുത്തുകളയുന്നു എന്നും കണക്കാക്കരുതു. എല്ലാ ചോദ്യങ്ങൾക്കും

ഉത്തരം നല്കാമെന്ന ഉടമ്പടിയോടെയല്ല ദൈവം ഓരോരുത്തരെ ക്ഷണിക്കുന്നതു. തിരുവചനത്തിലെ ശ്രേഷ്ഠമായ തത്വവും വിഷയങ്ങളും മനസിലാക്കി മനുഷ്യർ തങ്ങളുടെ ജീവിതത്തെ നയിക്കുകയാണ് വേണ്ടത്. കുറവുകളുള്ള തോന്നലുകൾ കളഞ്ഞ്, പോരായ്മകളില്ലാത്ത ആത്മാവിന്റെ വചനങ്ങൾ മനസോടു കൂടെ അനുസരിക്കുക. അപ്പോൾ അതു നമ്മെ തെറ്റുകളിൽ നിന്നും വേർതിരിച്ച് പ്രത്യേകതയുള്ളവരാക്കി തീർക്കുന്നു.

വചനം ജഢമായി തീർന്നു നമ്മുടെ ഇടയിൽ പാർത്തതു നമ്മെ അടിമകളാക്കുന്നതിനല്ല; പിന്നെയോ നമ്മെ സ്വതന്ത്രരാക്കുന്നതിനാണ് (യോഹന്നാൻ 1:14). തെറ്റായ കാഴ്ച്ചയിലൂടെ അധികം പേരും ക്രിസ്ത്യാനിത്വത്തെ കാണുന്നതുകൊണ്ട് ശരിയായ ഫലം അവർ തിരിച്ചറിയുന്നില്ല. കർശനമായ നിയമങ്ങൾ, ഉടനെ പ്രയോജനം ലഭിക്കാത്ത അവസ്ഥകൾ എന്നെല്ലാം അവർ വിധിയെഴുതുന്നു. ആകയാൽ ക്രിയാത്മകമായ നേട്ടങ്ങളെ അവർ കാണുന്നേയില്ല.

## പരിശുദ്ധാത്മാവ് എന്ന ദാനം

മിക്കവാറും മനുഷ്യർക്കിടയിൽ അംഗീകരിക്കപ്പെടാത്തതും തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ളതും ആയ ദാനമാണ് മനുഷ്യർക്കു നല്കിയിട്ടുള്ള ദൈവത്തിന്റെ ആത്മാവ് എന്നു പറയാം. എല്ലാ സാഹചര്യത്തിലും ഒരു ക്രിസ്ത്യാനിയിൽ വസിച്ച്, സഹായിക്കുവാനും, നിയന്ത്രിക്കുവാനും, നയിക്കുന്നതിനും, സ്വാധീനിക്കുന്നതിനും വേണ്ടിയാണ് നല്കുന്നതു. സ്നേഹത്തിന്റേയും സത്യത്തിന്റേയും ആത്മാവായ പരിശുദ്ധാത്മാവാണ് നമ്മുടെ മനസുകളിലേക്കും ഹൃദയങ്ങളിലേക്കും ദൈവ വചനം എത്തിക്കുന്നതു.

ഈ ആത്മാവിനെ അറിയാതിരിക്കുകയും തടുക്കുകയും ചെയ്യാൻ ചിലർ ഒരുമ്പെടും. എന്നാൽ ആത്മാവിനെ അനുസരിക്കുന്നവരിൽ ഏതൊരു സന്ദർഭത്തിലായാലും വലിയ നേട്ടങ്ങൾ ലഭിക്കും. ദൈവ ശബ്ദം കേട്ടു അതിനു കീഴ്വഴങ്ങണമെന്നു മാത്രം. ദൈവ വചനം കേൾക്കുമ്പോൾ അതു

മനസിലാക്കുന്നതിനും നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കി തീർക്കുന്നതിനും നമ്മുടെ മനസുകളെ പ്രകാശിപ്പിക്കുന്നതും ദൈവാത്മാവ് തന്നെ. നമുക്കു പ്രാപ്യമാകേണ്ട രീതിയിൽ നമ്മുടെ യാചന ദൈവ സന്നിധിയിൽ അംഗീകരിക്കപ്പെടേണ്ടതിനു നമ്മെ സഹായിക്കുകയും ചെയ്യുന്നുണ്ട് ദൈവാത്മാവ്.

## ദൈവത്തിന്റെ സഭ

സഭ എന്നു പറഞ്ഞാൽ ഒരു ഉദ്ദേശത്തിനു വേണ്ടി വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ കൂട്ടം എന്നാണ് അർത്ഥം. അനേകം പേർ സ്വയമായി യാഗമായിതീരുകയോ ഉപേക്ഷിക്കപ്പെടുകയോ ചെയ്തതും ദൈവത്തിന്റെ ദാനമായതും ആയ ഒന്നാണ് സഭ. പൊതു പ്രയോജനത്തിനായി ഓരോരുത്തരും ചിന്തിക്കുന്നതിനും, പ്രവർത്തിക്കുന്നതിനും സഹായിക്കുന്നതിനും വേണ്ടി രൂപീകരിച്ചിട്ടുള്ള ഒന്നാണ് ഇത്.

ലക്ഷ്യബോധമില്ലാത്ത ദർശനത്തെ ഉപേക്ഷിച്ച് സ്വർഗ്ഗീയമായ പൊതു ഉദ്ദേശത്തെ കണ്ടു കൊണ്ടു മററുള്ളവരെ സ്വർഗ്ഗത്തിലെത്തിക്കുവാൻ, അവരെ സഹായിക്കുവാൻ നാം സന്നദ്ധരായിരിക്കണം. വ്യത്യസ്ഥ സംസ്ക്കാരത്തിലും ഭാഷയിലും ഉള്ള സ്ത്രീ പുരുഷന്മാരായ അംഗങ്ങളായിരിക്കാം സഭയിൽ ഉള്ളതു. ഇതെല്ലാം നമ്മുടെ പ്രതാപത്തെയും ദുരഭിമാനത്തെയും മാററി നിർത്തി ലോകത്തിൽ ശ്രേഷ്ഠനായ ദൈവത്തിങ്കലേക്കു ശ്രദ്ധ തിരിക്കുവാൻ നമ്മെ പ്രാപ്തരാക്കും. നമ്മുടെ ഇടുങ്ങിയ ലോകമായ, സ്നേഹിതരും, അയൽക്കാരും സ്നേഹിതരും എന്ന കാഴ്ചപ്പാടിനപ്പുറമായി ഒരു വിപുലമായ മാനുഷിക വലയം തീർക്കാൻ നമ്മെ സഹായിക്കുന്ന ഒന്നാണ് ഇത്.

മനസിന്റെ വരങ്ങൾ എല്ലാം ദൈവത്തിന്റെ അരുളപ്പാടുകളിൽ വെളിപ്പെടുത്തിയിരിക്കുന്ന ആത്മാവിന്റെ സഹായത്താൽ ശരിയായി ഉപയോഗിക്കുന്നതിനു സാധിക്കും.

ക്രിസ്തീയ സമൂഹത്തിന്റെ പ്രത്യേകത, ഒരേ ആത്മാവു് വസിക്കുന്ന വ്യത്യസ്ഥ അനുഭവങ്ങൾ നിറഞ്ഞ ആളുകൾ അവരുടെ മനസ്സുകളെ നേർവഴിക്കു ചിന്തിക്കുവാനായി ദൈവീക പഠനത്തിനു വിധേയമാക്കുന്നു. അങ്ങനെ വരങ്ങൾ എല്ലാം മറ്റുള്ളവരുടെയും ആത്മിക വളർച്ചക്കു സഹായകരമാക്കും.

## വരങ്ങളുടെ പ്രവൃത്തി

ലഭിച്ചവരങ്ങളിൽ ചിലതിനു മറ്റുള്ളവയേക്കാൾ വില കല്പിക്കുവാൻ നാം തയ്യാറാകും. ഇതു ചിലപ്പോൾ ദാനം നല്കിയ വ്യക്തിയുടെ പ്രഭാവത്താലാകാം; അല്ലെങ്കിൽ അതിനു വേണ്ടി വന്ന ത്യാഗമെന്ന ഭാവമാകാം. പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ടു നല്കുന്ന ദാനവും നമുക്കു കാണാൻ കഴിയുന്നുണ്ടു്. നല്കുന്നതിനെ സംബന്ധിച്ചു് ഏറ്റവും ഉയർന്ന ദൃഷ്ടാന്തം കാണിച്ചിരിക്കുന്നതു ദൈവമാണു്. തന്റെ ഏക മകനെ ലോകത്തിന്റെ രക്ഷകനായി നല്കി. ഈ അതുല്ല്യമായ വരം അജ്ഞതകൊണ്ടോ മറ്റോ തരം താഴ്ത്തപ്പെടുന്ന മനോഭാവം വേദനാജനകം തന്നെ. ഈ വരദായകൻ നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നതു, നാം ആ സ്നേഹദാനം സ്വീകരിക്കുകയും ദിനം തോറും പരിശീലിക്കുകയും ചെയ്യുക എന്നതാണു്. രക്ഷകൻ പഠിപ്പിച്ച സ്വഭാവവും നിലവാരവും നാം പ്രവൃത്തി പഥത്തിൽ കൊണ്ടുവരുമ്പോൾ ഇതു സാദ്ധ്യമാകുന്നു. ജീവിതത്തിന്റെ എല്ലാ വശങ്ങളിലും നമുക്കു പ്രായോഗികമാക്കുവാനാണ് ദൈവം പറഞ്ഞിരിക്കുന്നതു. ഭൗതികവും ക്രിസ്തീയവുമെന്ന രണ്ടു വ്യത്യസ്ഥ ജീവിതങ്ങളല്ല നമുക്കു ഉള്ളതു; ഏക ജീവിതം മാത്രം.

ക്രിസ്ത്യാനികളോടു ഒരു വിധത്തിലും പുറത്തുള്ളവരോടു മറ്റൊരു വിധത്തിലും പെരുമാറുന്നതു അനീതിയാണു്. ഞായറാഴ്ച ആത്മികമായും മറ്റു ദിവസങ്ങളിൽ ഭൗതികമായും ജീവിക്കുന്ന വേർതിരിവ് ആത്മാർത്ഥരായ ആളുകൾക്കു പാടില്ല. നാം അപ്രകാരം ചെയ്താൽ ദൈവം നമ്മെ വെറുക്കും. ദൈവത്തിന്റെ ദാനങ്ങൾ കിട്ടിയിരിക്കുന്നവർ അവയെല്ലാം ദൈവേഷ്ട പ്രകാരം ഉപയോഗിക്കണം.

***

# ദൈവകൃപ

## പി. ജെ. ജോയ്

ദൈവത്തെ അറിയുന്നവരും അറിയാത്തവരും ഒരു പോലെ കാര്യങ്ങൾ വിവേചിക്കുന്നില്ല എന്ന് അവരുടെ ജീവിതം തെളിയിക്കുന്നുണ്ട്. വെയിലും മഴയും മഞ്ഞും തക്ക സമയത്തു ലഭിക്കുന്നതു കൊണ്ട് കൃഷിക്കാരനു തന്റെ അദ്ധ്വാനഫലം അനുഭവിക്കാൻ കഴിയുന്നു. വ്യാപാരികൾ തങ്ങളുടെ ബുദ്ധിയെ ലാഭേച്ഛയിലേക്കു തിരിക്കുന്നതുകൊണ്ട് അവർ ലാഭമുണ്ടാക്കുന്നു എന്ന തത്വവും ഇവിടെ പറയാതിരിക്കാൻ നിർവ്വാഹമില്ല. ഈ ലോകത്തു ഒരു വിധത്തിൽ അല്ലെങ്കിൽ മറെറാന്നിൽ എല്ലാവരും വ്യാപൃതരായിരിക്കുന്നു. ഇതിൽ നിന്നും വ്യത്യസ്ഥമായി ഒന്നു ചിന്തിച്ചുകൂടെ? അർഹതയുള്ളതും ഇല്ലാത്തതുമായ ഫലങ്ങളെ നമുക്ക് ഒന്ന് ആലോചിക്കാം. പ്രവൃത്തിയുടെ ഫലം കൂലിയായി കിട്ടുന്നതാണ്. അതിനു ശമ്പളം എന്നു പറയാം. എന്നാൽ വേല ചെയ്യാതെ പ്രതിഫലം പററുകയെന്നതു അധികപ്പററാകും. പക്ഷെ ദാനമായി ആരെങ്കിലും തന്നാൽ അതു സ്വീകരിക്കയുമാകാം.

സർവ്വശക്തനായ ദൈവം എല്ലാവരേയും സ്നേഹിക്കുന്നുണ്ട്. ആ സ്നേഹം അനുഭവിക്കാൻ പലർക്കും സാധിക്കുന്നില്ല. അനർഹമായ ഉപകാരം ദൈവത്തിൽ നിന്നും ദാനമായി തരാമെന്ന വാഗ്ദാനം പാഴാക്കുന്ന വ്യർത്ഥ മനുഷ്യർ ധാരാളമുണ്ട്. തെററുകൾ ചെയ്യാതെ ഒരു മനുഷ്യനും ജഡശരീരത്തിലിരിക്കുമ്പോൾ ജീവിക്കാൻ പ്രയാസമാണ്! ശലോമോൻ പറഞ്ഞിരിക്കുന്നത്, "പാപം ചെയ്യാതെ നന്മ മാത്രം ചെയ്യുന്ന ഒരു നീതിമാനും ഭൂമിയിൽ ഇല്ല" എന്നത്രെ (സഭാപ്രസംഗി 7:20). ദൈവം മനുഷ്യനെ നേരുള്ളവനായി സൃഷ്ടിച്ചു; അവരോ അനേക സൂത്രങ്ങളെ അന്വേഷിച്ചു. തിന്മകൾ അധികരിച്ച ദുഷ്ട മനുഷ്യരെ മോചിപ്പിക്കുവാൻ ദൈവത്തിനു മനസ്സലിവു തോന്നി. ദൈവത്തോട് ധിക്കാര പൂർവ്വം പെരുമാറിയ മനുഷ്യരോട് ദൈവം കരുണ കാണിക്കുക

യാണ്. നഷ്ടപ്പെട്ടവരെ വീണ്ടെടുക്കുവാനുള്ള ദൈവത്തിന്റെ പദ്ധതി അവന്റെ കൃപയാൽ അങ്ങനെ തുറന്നു കിട്ടി.

ന്യായപ്രമാണ കാലയളവിൽ തന്നെ ക്രിസ്തുമുഖാന്തരമാണ് കൃപ വെളിപ്പെടുത്തപ്പെട്ടത്. ഇതു കൃപായുഗമാണ് എന്നു പലരും പറഞ്ഞു നിങ്ങളും കേട്ടിരിക്കാം. പക്ഷെ ആ കൃപ ആസ്വദിക്കാൻ നിങ്ങൾക്കു കഴിഞ്ഞിട്ടുണ്ടോ ? കർത്താവിന്റെ രക്ഷാമാർഗ്ഗം കൈക്കൊള്ളാത്ത ആളുകൾ അവർ വിശ്വാസികളാണ് പോലും ! ഇതെങ്ങനെയാണെന്നു എത്ര ആലോചിച്ചിട്ടും വചനം പഠിച്ചിട്ടും എനിക്ക് മനസിലാകുന്നില്ല. ദൈവത്തിന്റെ വാക്കു കേൾക്കുവാൻ ജനങ്ങൾക്കു സമയമില്ല. അഥവാ കേട്ടാൽ തന്നെ പരിശോധിക്കുവാനുള്ള സന്മനസ് വളരെ അപൂർവ്വം പേർക്കേ ഉള്ളു. ദൈവത്തിന്റെ കൃപ എന്നിലേക്കു വരുന്നു എന്നതു എത്ര മനോഹരമാണ് ? ദൈവത്തിന്റെ വാഗ്ദാന പ്രകാരമുള്ള രക്ഷക്കായി ആഗ്രഹിക്കുന്ന വ്യക്തികൾ അനുഭവിക്കാൻ പോകുന്ന കൃപ ആത്മാവിന്റെ വളർച്ചക്കു ഉപകാരപ്പെടും.

സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലൊ (തീത്തൊസ് 2:11). മുൻകാലങ്ങളിൽ ജീവിച്ചിരുന്ന പ്രവാചകന്മാർ ഈ കൃപയെ മുൻകൂട്ടി വെളിപ്പെടുത്തിയിരുന്നു. ക്രിയാത്മകവും നിഷേധാത്മകവുമായ രണ്ടു വശങ്ങളെയാണ് കൃപ പഠിപ്പിക്കുന്നതു. അഭക്തി, മോഹം എന്നിവയാണ് ഉപേക്ഷിക്കേണ്ടതായ ദുർഗുണങ്ങൾ. ഈ സ്വഭാവങ്ങൾ ക്രിസ്ത്യാനിത്വത്തിനു ഹാനികരമാണ്. ക്രിസ്തീയ സ്വഭാവം ഉൾക്കൊള്ളുന്നവർ ഇതിൽ നിന്നും വേർപെട്ടിരിക്കണം. അതായതു ലോകത്തിന്റെ അഴുക്കും മാലിന്യവും ക്രിസ്തുശിഷ്യരിൽ കാണാൻ പാടില്ല. ലൗകികരായ ആളുകളുടെ അഭക്തി നിറഞ്ഞ ജീവിതം കാണുമ്പോൾ അവരോടു സംസർഗ്ഗം അരുത്. അവർ സമൂഹത്തിൽ ആരായിരുന്നാലും പ്രശ്നമില്ല. ചേർച്ച ചേരുന്നതിനോടു മാത്രമേ പാടുള്ളു.

ആത്മാവിനെതിരെ പോരാടുന്ന ജഡത്തിന്റെ രാഗമോഹങ്ങളെ വർജ്ജിക്കണം. നിർമ്മലതയോടും ഭക്തിയോടും

നീതിയോടും കൂടെ ജീവിക്കുവാനാണ് കൃപ നമ്മെ പഠിപ്പി ക്കുന്നത്. നമ്മുടെ വാക്കുകളെക്കാൾ കൂടുതൽ വേഗത്തിൽ സംസാരിക്കേണ്ടത് നമ്മുടെ ജീവിതമാണ്. സ്വീകാര്യമായ കാര്യങ്ങളിൽ മിതപ്പെടുത്തി പാപസംബന്ധമായ കാര്യങ്ങ ളെ വിട്ടുകളഞ്ഞു ജീവിക്കേണ്ട ഒന്നാണ് ക്രിസ്ത്യാനിത്വം. നീതിയോടും ഭക്തിയോടും കൂടെ കൂട്ടുകാരനെയും ദൈവ ത്തേയും സ്നേഹിക്കുക എന്ന മഹത്തായ ആദർശമെന്ന കല്പനകളടങ്ങുന്ന ഒന്നാണ് ക്രിസ്തുവുമായുള്ള ബന്ധം. കൃപയും സത്യവും നമ്മിൽ ഉണ്ടാകുവാൻ ദൈവത്തിൻെറ നീതി സ്വീകരിക്കയാണ് ആവശ്യം.

എവിടെ ജീവിക്കണമെന്നുകൂടെ പഠിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ നാം അധിവസിക്കുന്ന ഭൗതിക ഭൂമിയിൽ കാണുന്ന മനുഷ്യരിൽ ദൈവകൃപ കാണുന്നുണ്ടോ എന്ന ചോദ്യത്തിനു ഇല്ല എന്ന ഉത്തരമാണ് കിട്ടുന്നത്. ക്രിസ്ത്യാനിത്വം ജനി ച്ചിരിക്കുന്നതു വിഗ്രഹങ്ങളും മ്ലേച്ഛതകളും നിറഞ്ഞ ലോ കത്തിലാണ്. മനുഷ്യരുടെ ചിന്തയിലും അറിവിലും പെട്ട എല്ലാ ദൈവങ്ങളേയും പ്രസാദിപ്പിക്കുകയാണ് ഭൂരിഭാഗം പേരും. സമ്പന്നന്മാരും ദരിദ്രരും അടിമകളും സ്വതന്ത്രരും നിറഞ്ഞതാണ് നമ്മുടെ സമൂഹം. ദുർന്നടപ്പ് പരസ്യമായി ആചരിക്കുന്നു; വിവാഹമോചനം ധൃതഗതിയിൽ വർദ്ധി ക്കുന്നു; കുടുംബജീവിതം പലയിടങ്ങളിലും തകർന്നുകൊ ണ്ടിരിക്കുന്നു. ശിശുഹത്യകളും ആത്മഹത്യകളും അസാധാ രണ സംഭവങ്ങൾ അല്ലാതായിരിക്കുന്നു. അക്രമാസക്തി ഏതു രാജ്യത്തും വളർന്നു തന്നെയാണ് വരുന്നതു.

ഇങ്ങനെയൊക്കെയാണെങ്കിലും ക്രിസ്ത്യാനിത്വം ഈ ദുഷ്ട ലോകത്തിൽ വ്യാപരിക്കുന്നു എന്നു നിസംശയം പറ യാം. അസമത്വവും, പാപവും, വിഗ്രഹാരാധനയും നീക്കി കളഞ്ഞ് മനുഷ്യരെ ശുദ്ധീകരിക്കുവാനാണ് ദൈവം ക്രിസ്തുവിൽ അവതരിച്ച് ത്യാഗവും യാഗവും ആയി മാറി യതു. പ്രസംഗവും പരിശീലനവും ദൈവത്തിൽ നിന്നും പ്രാപിച്ചതു നാം അനുകരിക്കുമെങ്കിൽ ദൈവത്തിൻെറ കൃപ ആസ്വദിക്കാൻ പററും എന്നു തീർത്തു പറയട്ടെ. ഈ ലോക

ത്തിൽ എങ്ങനെ ജീവക്കണമെന്നു പറയുന്ന ദൈവകൃപ, വരു വാനുള്ള ലോകത്തിലും എങ്ങനെ ജീവിക്കണമെന്ന് പറയു ന്നുണ്ട് (കൊലൊസ്യർ 3:1-4). മഹാ ദൈവവും നമ്മുടെ രക്ഷിതാവുമായ ക്രിസ്തുവിന്റെ രണ്ടാം വരവ് പ്രതീക്ഷി ച്ചുകൊണ്ടിരിക്കുന്നവർക്കു ലഭിക്കുവാനുള്ള പ്രത്യാശയെ കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ ? ആ മഹിമ നിങ്ങൾക്കു വേണ്ടേ ?

ഈ ലോകത്തിലാണ് നാം ജീവിക്കുന്നതെങ്കിലും നമ്മുടെ യഥാർത്ഥ പൗരത്വം സ്വർഗ്ഗത്തിലാണ്. നമ്മുടെ ഭൗതികമാ യ ഈ ശരീരം മാററി മഹത്വമുള്ള ക്രിസ്തുവിന്റെ ശരീര ത്തോടു അനുരൂപമാക്കി മാററുവാൻ കർത്താവ് പ്രത്യക്ഷ നാകും (ഫിലിപ്പിയർ 3:20-21). ഇവിടെ ഒരു നല്ല ജീവിതം നയിക്കുക മാത്രമല്ല കൃപ വിഭാവനം ചെയ്തിരിക്കുന്നതു. ശ്രേഷ്ഠമായ മറെറാരു ജീവിതത്തിനു നമ്മെ യോജിച്ചവരാ ക്കുക കൂടെ ചെയ്യുന്നു. നമ്മുടെ ഹൃദയം ഭവനത്തിൽ നിന്നും തിരിഞ്ഞ് സ്വർഗ്ഗത്തിലേക്കു പ്രവേശിക്കുവാനുള്ള ശ്രമത്തിലായിരിക്കണം. തീരുമാനം ഉറപ്പിക്കുന്നതു ഹൃദ യത്തിലാണല്ലൊ. നിങ്ങൾ എന്തു നിരൂപിക്കുന്നു എന്നു നിങ്ങൾക്കല്ലേ അറിയൂ. അബദ്ധങ്ങൾ മനസിലാക്കി സത്യ ത്തിന്റെ മാധുര്യം നുണയുവാൻ തടസമായി നില്ക്കുന്നവ യെ പൊട്ടിച്ചെറിയൂ.

മനുഷ്യരുടെ ആവശ്യങ്ങൾ എല്ലാം തൃപ്തികരമായി നിറവേററുവാൻ ദൈവ കൃപയിലേക്കുവന്നേ പററു. നാം കൃപയുടെ കാലയളവിലാണ് ജീവിക്കുന്നതെന്നു പറഞ്ഞു പാപത്തിലേക്കു നുഴഞ്ഞിറങ്ങുന്നവർക്കു ദൈവത്തിന്റെ മുന്നറിയിപ്പ് തലയെടുത്തു നില്ക്കുന്നു. "ആകയാൽ കൃപ പെരുകേണ്ടതിന്നു പാപം ചെയ്തുകൊണ്ടിരിക്ക എന്നോ ? ഒരുനാളും അരുതു. നാം മന:പൂർവ്വം പാപത്തിൽ തന്നെ ജീവിച്ചാൽ ദൈവത്തെ കോപിപ്പിക്കുകയാണ് ചെയ്യുന്നതു. നമുക്കു ലഭിക്കേണ്ട നന്മയെ നാം തന്നെ അങ്ങനെ തട്ടിക്കളയു കയാണ്.

***

# ഏഴ് സഭകൾക്കുള്ള ദൂത്

എം. എസ്. ജെ.

## V സർദ്ദീസിലെ സഭ (വെളി3:1-6).

സർദ്ദീസ് പട്ടണം, പർവ്വത നിരകളാൽ നിബിഡമായും പരിലസിച്ചും കാണപ്പെട്ടിരുന്ന ഒരു ഭൂപ്രദേശമായിരുന്നു. ഏഷ്യാമൈനറിന്റെ തെക്കോട്ടുമാറി 1500 അടി ഉയരമുള്ള മല മുകളിൽ സർദ്ദീസ് പട്ടണം സ്ഥിതി ചെയ്തിരുന്നു. ഈ പട്ടണത്തിന്റെ താഴ്‌വാരത്തിൽ ഒരു വീക്ഷാഗോപുരവും ഉണ്ടായിരുന്നു. ബി. സി. 700ന് അടുത്ത് ഗ്രീക്കുസംസ്ക്കാരം കൊണ്ട് അത്യുന്നതിയിൽ പരിശോഭിച്ചിരുന്ന ഒരു സുരക്ഷിത നഗരമായിരുന്നു സർദ്ദീസ്.

ക്രിസ്തു വർഷം 17-ാം നൂററാണ്ടിൽ സർദ്ദീസ് പട്ടണം ഭൂകമ്പത്താൽ വളരെയേറെ നാശനഷ്ടങ്ങൾക്ക് ഇരയായി തീർന്നിരുന്നു. എന്നാൽ വീണ്ടും സർദ്ദീസ് പട്ടണം പണിയപ്പെട്ടു. സർദ്ദീസ് നദിയിലൂടെ ഒഴുകി വരുന്ന സ്വർണ്ണവും അവിടെ ഉള്ള കമ്പിളി വ്യവസായങ്ങൾ, ചായം പിടിപ്പിക്കലും ആ പട്ടണത്തിന്റെ പ്രധാന സാമ്പത്തിക വരുമാനമാർഗ്ഗമായിരുന്നു.

ആസ്യയിലെ മററുള്ള ക്രിസ്തുവിന്റെ സഭകളുടെ ആരംഭ കാലയളവിൽ തന്നെ സർദ്ദീസിലെ സഭയ്ക്കും ആവിർഭാവം ഉണ്ടായെന്ന് അനുമാനിക്കാം. ഗ്രീക്കു സംസ്ക്കാരവും വാണിജ്യ പ്രാധാന്യവും മൂലം സർദ്ദീസ് പട്ടണത്തിൽ സുവിശേഷീകരണത്തിന് വളരെ സഹായകരമായ കാലാവസ്ഥ ഒരുക്കപ്പെട്ടിരുന്നു. ചരിത്രം പഠിപ്പിക്കുന്ന പ്രകാരം A. D. 1520 മുതൽ A. D. 1570 വരെ സർദ്ദീസിലെ കർത്താവിന്റെ സഭയുടെ കാലഘട്ടമായിരുന്നു.

ഈ സഭയുടെ ദൂത് നല്കുന്ന കർത്താവിന്റെ സവിശേഷത പ്രത്യേകം ഇവിടെ ചൂണ്ടി കാണിക്കപ്പെടുന്നു. "ദൈവത്തിന്റെ ഏഴാത്മാവും ഏഴു നക്ഷത്രവും ഉള്ളവൻ അരുളി ചെയ്യുന്നത്" (വെളി 3:1). ദൈവത്തിന്റെ ഏഴാത്മാവിനെ ഏഴു കണ്ണുകളായും വെളിപ്പാടു പുസ്തകത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. "സർവ്വഭൂമിയിലേക്കും അയച്ചിരിക്കുന്ന ഏഴു ദൈവാത്മാക്കാം ആയ ഏഴുകണ്ണും ഉണ്ട്" (വെളി 5:6). ആത്മീകമായ അർത്ഥത്തിൽ അവയെ നമുക്കു ഗ്രഹിക്കാൻ കഴിയുന്നത് ദൈവത്തിന്റെ ഏഴാത്മാവും ഏഴുകണ്ണും കർത്താവിനു പ്രപഞ്ചത്തിലുള്ള സർവ്വകാര്യങ്ങളെയും വ്യക്തമായും പൂർണ്ണമായും കാണാനും അറിയാനും താൻ പ്രാപ്തനും ശക്തിയുള്ളവനും എന്ന് അത് മനസ്സിലാക്കിതരുന്നു. നമ്മുടെ കർത്താവിന്റെ ആത്മപരിപൂർണ്ണതയും സർവ്വവല്ലഭത്വമാർന്ന കാഴ്ചയും എത്ര ശ്രേഷ്ഠത ഏറിയതാണ്.

ദൈവത്തിന്റെ ആത്മാവ് "ജ്ഞാനത്തിന്റേയും വിവേകത്തിന്റേയും ആത്മാവ്, ആലോചനയുടേയും ബലത്തിന്റെയും ആത്മാവ്, പരിജ്ഞാനത്തിന്റെയും യഹോവാഭക്തിയുടേയും ആത്മാവ് തന്നേ" (യെശ 11:2). ദൈവത്തിന്റെ ആത്മാവ് "പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തുന്നതാണ്" (യോഹ 16:8). ദൈവത്തിന്റെ ആത്മാവ് ദൈവത്തിന്റെ മക്കളെ സകല സത്യത്തിലും വഴിനടത്തും, ദൈവാത്മാവ് സകലവും അറിയിച്ചുതരികയും ചെയ്യുന്നു. ദൈവാത്മാവ് തന്റെ മക്കളെ എല്ലാ കാലത്തും അത്ഭുതകരമാം വിധം നയിക്കയും പരിപാലിക്കയും ചെയ്തു വരുന്നു.

പല ക്രിസ്തീയ സമുദായ സഭാ പ്രസ്ഥാനക്കാരും അവരുടെ നേതാക്കന്മാരും, ഉപദേഷ്ടാക്കളും ദൈവാത്മാവിന്റെ പ്രവർത്തനങ്ങളാണെന്ന് പറഞ്ഞുതെററിദ്ധരിപ്പിച്ച് പാവം ജനങ്ങളെ മുതലെടുക്കുന്ന പ്രവണതകാം ഇന്നു

സർവ്വസാധാരണയായി തീർന്നിരിക്കുകയാണ്. അവരുടെ ആരാധന കൂട്ടങ്ങളിൽ വളരെയധികം ചെപ്പാടും ബഹളവും കൂത്തു കാഴ്ചകളും മ്ലേച്ഛതകളും ദൈവത്തിന്റെ ആത്മാവിന്റെ പേരിൽ കാട്ടിക്കൂട്ടുന്നവരുണ്ട്. എന്നാൽ ദൈവാത്മാവ് തന്റെ പ്രവർത്തനങ്ങളെ എത്ര കാര്യക്ഷമതയോടും വിവേകത്തോടും ജ്ഞാനത്തോടും കൂടിയാണ് നിയന്ത്രിച്ചു നടത്തുന്നതെന്നുള്ള സത്യം ഇക്കൂട്ടർ വിസ്മരിച്ചുകളയുന്നു.

ദൈവം വിശുദ്ധനായിരിക്കുന്നപോലെ ദൈവാത്മാവും ഏററവും വിശുദ്ധമാണ്. ദൈവം തന്റെ മക്കൾക്ക് ആത്മാവിനെ ദാനമായിട്ടാണ് ഇന്നു നല്കപ്പെടുന്നത്. "എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും". (അപ്പൊ 2:38). ദൈവ വചന പ്രകാരം രക്ഷിക്കപ്പെടാത്ത ഒരുത്തനിലും പരിശുദ്ധാത്മാവ് വരികയോ വസിക്കുകയോ ഇല്ല. അതിനാൽ അങ്ങനെ ഉള്ളവരിൽ കൂടി പരിശുദ്ധാത്മാവ് പ്രവർത്തിക്കയുമില്ല. ഇന്നത്തെ കരിസ്മാററിക് പ്രസ്ഥാനങ്ങളും പെന്തകോസ്തു പ്രസ്ഥാനങ്ങളും വ്യാജാത്മാക്കളുടെ അഭിനിവേശത്താൽ നിറയപ്പെട്ടു മനുഷ്യരെ വഞ്ചിക്കയും, ദൈവത്തെയും ക്രിസ്തുവിന്റെ സഭയെയും അവഹേളിക്കയുമാണ് ചെയ്യുന്നത്. "എന്നാൽ ഭാവികാലത്ത് ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ച് ഭോഷ്ക്കു പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്ന് ആത്മാവ് തെളിവായി പറയുന്നു" (1തിമൊ 4:1). "ഞാൻ നിങ്ങളോടു ആജ്ഞാപിക്കുന്നതൊക്കെയും പ്രമാണിച്ചു നടപ്പിൻ; അതിനോടു കൂട്ടരുത്. അതിൽ നിന്നും കുറെക്കയും അരുത്." (ആവർത്ത 13:1) "ഞങ്ങൾ ദൈവവചനത്തിൽ കൂട്ടു ചേർക്കുന്ന അനേകരെപ്പോലെ അല്ല, നിർമ്മലതയോടും ദൈവത്തിന്റെ കല്പനയിലും ദൈവസന്നിധിയിൽ ക്രിസ്തുവിൽ സംസാരിക്കുന്നു" (2കൊരി 2:17-18).

ദൈവത്തിന്റെ ഏഴാത്മാവ് അഥവാ ഏഴുകണ്ണ്. ലോകത്തെമ്പാടും ഇന്നു കാണപ്പെടുന്ന ക്രിസ്തീയ സമുദായ സംഘടനാ സഭകളെയും, ക്രിസ്തുവിന്റെ സഭയെയും നോക്കി അറിഞ്ഞു കണ്ടുകൊണ്ടു ഇരിയ്ക്കയാണ്. കർത്താവിന്റെ വ്യാപ്തമായ അറിവിനെയും ഉൽകൃഷ്ടമായ കാഴ്ചാശക്തിയെയും ദൈവത്തിന്റെ ആത്മാവ് എന്നതുകൊണ്ട് തെളിവാക്കുന്നു.

"ഏഴു നക്ഷത്രം ഏഴു സഭകളുടെ ദൂതന്മാരാകുന്നു" (വെളി 1:20). ഏഴുനക്ഷത്രം കർത്താവിന്റെ വലങ്കയ്യിൽ തന്നെ ഇരിക്കുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു. "അവന്റെ വലങ്കയ്യിൽ ഏഴുനക്ഷത്രം ഉണ്ട്" (വെളി 1:16). ദൈവത്തിന്റെ സ്വർഗ്ഗീയദൂതന്മാർ പലപ്പോഴായി തന്റെ സന്ദേശവാഹകരായി തീർന്നിട്ടുള്ള കാര്യം ബൈബിൾ നമ്മെ ആദിയോടന്ത്യം പഠിപ്പിച്ചു വരുന്നു. എന്നാൽ കർത്താവിന്റെ വലങ്കയ്യിലെ സഭകളുടെ ദൂതന്മാർ ഒരിക്കലും സ്വർഗ്ഗത്തിലെ ദൈവ ദൂതന്മാരായി ചിന്തിക്കുന്നത് ശരിയാകുകയില്ല. "യോഹന്നാന്റെ ദൂതന്മാർ പോയശേഷം" (ലൂക്കോ 7:24). എന്നു നാം വായിക്കുന്നു. യോഹന്നാന്റെ ദൂതന്മാർ എന്ന വിവക്ഷ അവന്റെ ശിഷ്യന്മാരെ സംബന്ധിച്ചു തന്നെയാണ്. അവൻ യെരുശലേമിലേക്ക് യാത്രയാവാൻ മനസ്സ് ഉറപ്പിച്ചു തനിക്കു മുമ്പായി ദൂതന്മാരെ അയച്ചു." (ലൂക്കോ 9:52). ഇവിടെ യേശു തന്റെ ശിഷ്യന്മാരെ പറഞ്ഞയച്ചതായിട്ടു വേണം ആ വാക്യത്തിനു അർത്ഥം കൊടുക്കുവാൻ. അപ്പോസ്തലനായ പൗലൊസ് കൊരിന്ത്യർക്ക് എഴുതിയ രണ്ടാം ലേഖനത്തിൽ പറയുന്നത് "നമ്മുടെ സഹോദരൻമാർ സഭകളുടെ ദൂതന്മാരും ക്രിസ്തുവിനു മഹത്വവും തന്നേ" (2കൊരി 8:23). ആയതിനാൽ കർത്താവിന്റെ വലങ്കയ്യിലെ ഏഴു നക്ഷത്രം; ലോകം മുഴുവനായി കാണപ്പെടുന്ന ക്രിസ്തുവിന്റെ സഭകളുടെ മൂപ്പന്മാരും ഉപദേഷ്ടാക്കന്മാരും ആണ്.

ശേഷം അടുത്ത ലക്കത്തിൽ

***

YOUR ATTENTION PLEASE !

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggie Gnana-sundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.

Mondays — 9:00 to 9:15 P.M.
Fridays — 7:45 to 8:00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.

Sundays — 12:45 to 1:00 P.M.
Tuesdays — 9:00 to 9:15 P.M.
Thursdays — 9:00 to 9:15 P.M.
Fridays — 9:00 to 9:15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.

Sundays — 2:30 to 2:45 P.M.
Tuesdays — 2:30 to 2:45 P.M.
Thursdays — 2:30 to 2:45 P.M.
Fridays — 2:30 to 2:45 P.M.
Saturdays - 2:30 to 2:45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5:30 to 5:45 P.M.
Thursdays — 6:45 to 7:00 P.M.
Sundays — 6:45 to 7:00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays—3:15 to 3:30 P.M.

**KANNADA**—The Voice of Truth—Speaker : Robert
Rathnakar—Box. 448, Bangalore—560004
Sundays 1:45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

To

From

**THE BIBLE TRUTH**

Church of Christ
Behind Sanskrit College
Thiruvananthapuram - 695034